LIBRARY ARCHIVES Kerala Legislative Assembly

ആഗോള നിക്ഷേപക സമ്മേളനത്തിൽ ടൂറിസം മേഖലയിൽ ഒപ്പുവെച്ച പദ്ധതികൾ

7 [3594] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സമ്മേളനത്തിൽ ടൂറിസം മേഖലയിൽ എത്ര തുകയുടെ ഏതെല്ലാം പദ്ധതികൾക്കാണ് ധാരണാപത്രം ഒപ്പു വെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ധാരണാപത്രത്തിൽ ഏതെല്ലാം കമ്പനികളും, വ്യക്തികളും ഏജൻസികളുമാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ തുടർ പ്രവർത്തനങ്ങൾ ഏതെല്ലാം ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 845 കോടി രൂപയുടെ അനുബന്ധത്തിൽ പറയുന്ന പദ്ധതികൾക്കാണ് ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളത്.†

(ബി) അനുബന്ധമായി ചേർക്കുന്നു.†

(സി) വേളിയിലെ അമ്യൂസ്മെന്റ് പാർക്കിന്റെ ധാരണാപത്രം ഉടനെ ഒപ്പിടുന്നതാണ്. മറ്റു പദ്ധതികളുടെ രൂപീകരണം വിവിധ ഘട്ടത്തിലാണ്.

ഹോട്ടലുകൾക്ക് സ്റ്റാർ പദവി നൽകുന്നതിനുള്ള വ്യവസ്ഥകൾ

8 [3595] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന ഹോട്ടലുകൾക്ക് സ്റ്റാർ പദവി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദവി ലഭിക്കാൻവേണ്ടി ഇപ്പോൾ എത്ര അപേക്ഷകൾ സർക്കാരിന് മുമ്പാകെ പരിഗണനയിലുണ്ട്; ഇത് ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സ്റ്റാർ ഹോട്ടലുകൾക്ക് ടൂറിസം ഡിപ്പാർട്ടുമെന്റ് നൽകുന്ന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ത്രീസ്റ്റാർ ഹോട്ടലുകൾക്ക് നിലവിലുള്ള ചട്ടങ്ങൾപ്രകാരം മിനിമം എന്തെല്ലാം സൗകര്യങ്ങളാണ് നിഷ്ക്കർഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

† അനുബന്ധം III കാണുക.

ഉത്തരം

(എ ആന്റ് ബി) ഈ അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്.

(സി) സ്റ്റാർ ഹോട്ടലുകൾക്ക് 10 ശതമാനം ഇൻവെസ്റ്റ്മെന്റ് സബ്സിഡി ക്ലാസ്സിഫിക്കേഷൻ കിട്ടി ആദ്യത്തെ 5 വർഷം ഇലക്ട്രിസിറ്റി താരിഫ് സബ്സിഡി എന്നിവയാണ് ടൂറിസം വകുപ്പ് നൽകുന്നത്.

(ഡി) എ-യ്ക്ക് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കേരളം സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി

9 [3596] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മോയിൻകുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ വർഷം സന്ദർശനം നടത്തിയ വിദേശീയരും അല്ലാത്തവരുമായ ടൂറിസ്റ്റുകൾ എത്ര പേരായിരുന്നു;

(ബി) ഈ വർഷം കേരളം സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വർദ്ധനവുമൂലം വരുമാനത്തിൽ എന്ത് വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) കഴിഞ്ഞ വർഷം കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികൾ 294621-ഉം, തദ്ദേശ വിനോദസഞ്ചാരികൾ 5871228-ഉം ആണെന്നു കണക്കാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ വർഷം കേരളം സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് കഴിഞ്ഞ വർഷങ്ങളിൽ പ്രധാനപ്പെട്ട വിദേശ-തദ്ദേശ ടൂറിസം മേളകളിൽ പങ്കെടുക്കുകയുണ്ടായി. കൂടാതെ രാജ്യത്തെ പ്രധാന ടൂറിസം മാർക്കറ്റുകളിൽ ടൂറിസം റോഡ്ഷോകളും സംഘടിപ്പിച്ചു. ദേശീയ-അന്തർദേശീയ ദൃശ്യ-ശ്രവ്യ-മാധ്യമ പ്രചാരണങ്ങളിലൂടെ കേരളത്തെ ലോകമെമ്പാടുമുള്ള ടൂറിസ്റ്റുകൾക്ക് പരിചയപ്പെടുത്തി. ടൂറിസം വെബ്സൈറ്റ്, ടോൾഫ്രീ ഫോൺ സർവ്വീസ് എന്നിവ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ഉപയോഗപ്പെടുത്തി.

(ഡി) കഴിഞ്ഞ വർഷം വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് 20.42 ശതമാനം ആണ്. ഈ വർഷം വിനോദസഞ്ചാരികളിൽ നിന്നുമുള്ള വരുമാനത്തിൽ 10 ശതമാനം വർദ്ധനവ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly